ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 14.11.2025** **TIME : 06.30 PM**

### പ്രധാന വാർത്തകൾ

1. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ 202 സീറ്റുകളിൽ വിജയമുറപ്പിച്ച് എൻ.ഡി.എ തുടർഭരണത്തിലേക്ക്. ബിജെപി ഏറ്റവും വലിയ ഒറ്റക്കക്ഷി. മഹാസഖ്യത്തിന് മുന്നേറാൻ സാധിച്ചത് 35 സീറ്റുകളിൽ മാത്രം.

2. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിന് ഇന്ന് വിജ്ഞാപനമായി. നാമനിർദ്ദേശ പത്രികകൾ ഈ മാസം 21 വരെ സമർപ്പിക്കാം.

3. തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നീട്ടിവയ്ക്കണമെന്ന സംസ്ഥാനസർക്കാരിന്റെ ഹർജിയിൽ ഇടപെടാതെ കേരള ഹൈക്കോടതി.

4. മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമല നട മറ്റന്നാൾ തുറക്കും.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. 7 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്ക ഒന്നാം ഇന്നിംഗ്സിൽ 159 റൺസിന് പുറത്ത്.

***********************

## ബീഹാർ തിരഞ്ഞെടുപ്പ്

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ 202 സീറ്റുകളിൽ വിജയമുറപ്പിച്ച് എൻ.ഡി.എ അധികാരത്തിലേക്ക്. ബിജെപി 91 സീറ്റിൽ മുന്നേറ്റം കാഴ്ചവച്ച് ഏറ്റവും വലിയ ഒറ്റക്കക്ഷിയായി.എൻഡിഎ-സഖ്യകക്ഷികളായ ജെഡിയു 84 സീറ്റിലും, എൽജെപി 19 ഇടത്തും മുന്നിലാണ്. ആർ.ജെ.ഡിയുടെ നേതൃത്വത്തിലുള്ള മഹാസഖ്യത്തിന് 35 സീറ്റുകളിൽ മാത്രമാണ് ലീഡ് നിലനിർത്താൻ സാധിച്ചത്. RJD 25 സീറ്റിലും, കോൺഗ്രസ് 6 സീറ്റിലും മാത്രമാണ് മുന്നിലുള്ളത്. AIMIM 5 സീറ്റിലും, CPI(ML) 3 ഇടത്തും, CPI(M) ഉം BSP യും ഓരോ സീറ്റിലും മുന്നിലാണ്. ഔദ്യോഗിക ഫലപ്രഖ്യാപനം വന്ന 96 സീറ്റുകളിൽ ബിജെപി 45 സീറ്റിലും, ജെഡിയു 29 സീറ്റിലും വിജയിച്ചു. മറ്റ് മണ്ഡലങ്ങളിലെ അന്തിമ ഫലപ്രഖ്യാപനവും വരും മണിക്കൂറിലുണ്ടാവും. ബിഹാർ ഉപമുഖ്യമന്ത്രിയും ബിജെപി സ്ഥാനാർത്ഥിയുമായ സാമ്രാട്ട് ചൗധരി താരാപ്പൂർ മൺഡലത്തിൽ നിന്നും വിജയിച്ചു. മറ്റൊരു ഉപ മുഖ്യമന്ത്രിയായ വിജയ് കുമാർ സിൻഹ ലക്കിസാരായിൽ വിജയോത്തട് അടുക്കുകയാണ്. രാഘോപൂർ മണ്ഡലത്തിൽ ആർജെഡി നേതാവ് തേജസ്വി യാദവ് 11,000 ലേറെ വോട്ടുകൾക്ക് ലീഡ് ചെയ്യുന്നു.

***********************

## തെരഞ്ഞെടുപ്പ് പ്രതികരണം

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപിയെ വീണ്ടും അധികാരത്തിലെത്തിച്ച ജനങ്ങളോട് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖർ. ഈ ജനവിധി സദ്ഭരണത്തിന്റെയും വികസനത്തിന്റെയും സാമൂഹിക നീതിയുടെയും വിജയമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ബിഹാറിൽ എൻഡിഎയ്ക്ക് ലഭിച്ച ചരിത്രപരമായ പൊതുജന പിന്തുണ സർക്കാരിന്റെ വികസനാധിഷ്ഠിതവും ജനക്ഷേമപരവുമായ നയങ്ങളിൽ

ജനങ്ങൾക്കുള്ള വിശ്വാസത്തിന്റെ ഫലമാണെന്ന് ബിജെപി ദേശീയ അധ്യക്ഷൻ ജെപി നഡ്ഡ പ്രതികരിച്ചു.

***********************

## ബീഹാർ-നിതീഷ്

നിതീഷ് കുമാർ സർക്കാർ സ്ത്രീകൾക്കായടക്കം നടപ്പാക്കിയ ജനപ്രിയ പദ്ധതികൾ എൻ.ഡി.എ യുടെ മുന്നേറ്റത്തിൽ നിർണായകമായെന്നാണ് വിലയിരുത്തലുകൾ. നിയമസഭയിലെ ഏറ്റവും വലിയ ഒറ്റക്കക്ഷിയാകാൻ സാധിച്ചത് ബിജെപിയ്ക്കും നേട്ടമാവും. സംസ്ഥാന രാഷ്ട്രീയത്തിലെ യുവമുഖമായി വിശേഷിപ്പിക്കപ്പെട്ട ആർജെഡി നേതാവ് തേജസ്വി യാദവിന്റെ പ്രതിഛായ വോട്ടാക്കി മാറ്റുന്നതിൽ പരാജയപ്പെട്ടത് മഹാസഖ്യത്തിന് തിരിച്ചടിയായി. ഒറ്റയക്കത്തിലേക്ക് സീറ്റ് നില ചുരുങ്ങിയത് കോൺഗ്രസിനും കനത്ത നഷ്ടമാണുണ്ടാക്കുന്നത്. പ്രശാന്ത് കിഷോറിന്റെ ജൻ സുരാജ് പാർട്ടിക്കും ഒരു സീറ്റിലും കാര്യമായ ചലനം സൃഷ്ടിക്കാനായില്ല.

***********************

## പൊതുതിരഞ്ഞെടുപ്പ് - വിജ്ഞാപനം

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിന് ഇന്ന് വിജ്ഞാപനമായി. നാമനിർദ്ദേശ പത്രികകൾ ഇന്ന് മുതൽ ഈ മാസം 21 വരെ സമർപ്പിക്കാം. ഡിസംബർ 9,11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും. കേരളത്തിലെ 1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576 വാർഡുകളിലേക്കുള്ള പൊതുതിര ഞ്ഞെടുപ്പിൻറെ വിജ്ഞാപനമാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പുറപ്പെടുവിച്ചത്. സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥി നിർണയം ഏറെക്കുറെ പൂർത്തിയാക്കിക്കഴിഞ്ഞു. പ്രചാരണ യോഗങ്ങളുടെയും, വോട്ടർമാരെ നേരിൽക്കണ്ടുള്ള വോട്ട് അഭ്യർത്ഥനയുടെയും

തിരക്കിലാണ് സ്ഥാനാർത്ഥികൾ. നാമനിർദ്ദേശ പത്രിക സമർപ്പണം പൂർത്തിയായ ശേഷം 22 ന് സൂക്ഷ്മപരിശോധന നടക്കും. 24 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള 7 ജില്ലകളിൽ ഡിസംബർ 9 നും, തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ 11 നുമാണ് വോട്ടെടുപ്പ്.

**********************

## തിരഞ്ഞെടുപ്പ് ചെലവ്

തദ്ദേശ പൊതുതിരഞ്ഞെടുപ്പ് ചെലവിനായി ഒരു സ്ഥാനാർത്ഥിക്ക് വിനിയോഗിക്കാവുന്ന പരമാവധി തുക ഗ്രാമപഞ്ചായത്തിൽ 25,000 രൂപയും, ബ്ലോക്ക് പഞ്ചായത്തിൽ 75,000 രൂപയും, ജില്ലാ പഞ്ചായത്തിൽ ഒരു ലക്ഷത്തി 50,000 രൂപയുമാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പിൽ പരമാവധി 75,000 രൂപയും, കോർപ്പറേഷൻ തിരഞ്ഞെടുപ്പിൽ ഒരു ലക്ഷത്തി ,50,000 രൂപയും വരെ ചെലവാക്കാം. തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമാക്കി മാറ്റുന്നതിൻറെ ഭാഗമായി തിരഞ്ഞെടുപ്പ് കമ്മീഷൻ ഹരിത മാർഗനിർദേശങ്ങളും പുറത്തിറക്കി. പ്രചാരണം മുതൽ പോളിംഗ് ബൂത്ത് വരെ പ്ലാസ്റ്റിക് ഒഴിവാക്കി പരിസ്ഥിതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കാനാണ് നിർദേശം.

**********************

## എസ്ഐആർ ഹൈക്കോടതി

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നീട്ടിവയ്ക്കണമെന്ന സംസ്ഥാനസർക്കാരിന്റെ ഹർജിയിൽ ഇടപെടാതെ കേരള ഹൈക്കോടതി. വിഷയം സുപ്രീംകോടതിയുടെ പരിഗണനയിലാണെന്ന് പറഞ്ഞ ജസ്റ്റിസ് വി ജി അരുൺ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിനിടെ എസ്ഐആർ നടപ്പാക്കുന്നത് തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനെ

ബാധിക്കുമെന്നായിരുന്നു സർക്കാരിന്റെ ഹർജിയിലെ വാദം. അതേസമയം, പകുതിയിലധികം നടപടിക്രമങ്ങളും ഇതിനകം പൂർത്തിയായ സാഹചര്യത്തിൽ എസ്ഐആർ നീട്ടിവയ്ക്കുന്നത് പ്രക്രിയ ഇടയ്ക്കു വച്ച് തടയുന്നതിന് തുല്യമാണെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വാദിച്ചു.

**********************

## രത്തൻ യു കേൽക്കർ (ഇൻട്രോ)

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിലൂടെ, നിലവിലുള്ള വോട്ടർ പട്ടികയുടെ സൂക്ഷ്മ പരിശോധനയാണ് ലക്ഷ്യമിടുന്നതെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. എസ്.ഐ.ആറിൻറെ ഭാഗമായി സംസ്ഥാനത്ത് ഇന്നലെ വരെ ഒന്നേമുക്കാൽ കോടിയിലധികം വോട്ടർമാർക്ക് എന്യൂമെറേഷൻ ഫോം വിതരണം ചെയ്തിരുന്നു. തീവ്ര വോട്ടർപട്ടിക പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കാൻ എല്ലാവരുടേയും സഹകരണം ആവശ്യമാണെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

**********************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.......

(ബ്രേക്ക്)

**********************

## ശബരിമല

മണ്ഡല– മകരവിളക്ക് മഹോത്സവത്തിനായി ശബരിമല ക്ഷേത്രനട മറ്റന്നാൾ വൈകുന്നേരം 5 ന് തുറക്കും. ദർശനത്തിനായി ഓണലൈൻ വെർച്വൽ ക്യൂ ബുക്കിംഗ് ആരംഭിച്ചു കഴിഞ്ഞു.

തത്സമയ ബുക്കിംഗ് കൌണ്ടറുകൾ പമ്പ, നിലക്കൽ, എരുമേലി, വണ്ടിപ്പെരിയാർ, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ തയ്യാർ ചെയ്യുന്നതിനുള്ള ഒരുക്കങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ആയി 70,000 പേർക്കും തത്സമസ ബുക്കിംഗ് വഴി 20,000 പേർക്കും ദർശനം സാദ്ധ്യമാകും. വൃശ്ചികം ഒന്നായ 17 ന് രാവിലെ 3 നാണ് നട തുറക്കുന്നത്. ഡിസംബർ 17 നാണ് മണ്ഡല പൂജ. മകരവിളക്ക് ജനുവരി 14 നാണ്.

**********************

## കേരളാ പവിലിയൻ

അന്താരാഷ്ട്ര വ്യാപാര മേളയിലെ കേരളത്തിന്റെ പവലിയൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഭാരത് മണ്ഡപത്തിൽ പ്രഗതി മൈതാനിൽ ഈ മാസം 27 വരെയാണ് മേള നടക്കുന്നത്. പ്രദർശന നഗരിയിലെ സ്റ്റാളുകൾ മുഖ്യമന്ത്രി സന്ദർശിച്ചു.

**********************

## ശിക്ഷാവിധി നാളെ

കണ്ണൂർ പാനൂർ പാലത്തായി പീഡനകേസിൽ പ്രതി പത്മരാജൻ കുറ്റക്കാരൻ എന്ന് തലശ്ശേരി പോക്സോ അതിവേഗ കോടതി. ശിക്ഷാവിധി നാളെ പ്രഖ്യാപിക്കും. ഒമ്പത് വയസ്സുകാരിയായ വിദ്യാർഥിനിയെ അധ്യാപകനായ പത്മരാജൻ ലൈംഗികമായി പീഡിപ്പിച്ചുവെന്ന കേസിലാണ് പ്രതി കുറ്റക്കാരനെന്ന് കോടതി കണ്ടെത്തിയത്.

**********************

## തൂക്കുപാലം-ഇടുക്കി (ഇൻട്രോ)

ഋതുഭേദങ്ങൾക്കൊപ്പം സൗന്ദര്യ കുപ്പായം മാറിമാറി അണിയുന്ന ഇടുക്കിയിലെ അയ്യപ്പൻകോവിൽ തൂക്കുപാലം സന്ദർശകർക്ക് കാഴ്ച്ച വിരുന്നൊരുക്കുന്നു. കോടമഞ്ഞിൻ്റെ പശ്ചാത്തലത്തിൽ നീണ്ടുപരന്ന് കിടക്കുന്ന നീല ജലാശയത്തിന് കുറുകെ രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കൂറ്റൻ തൂക്കുപാലത്തിൽ നിന്നുള്ള കാഴ്ച്ചകൾ അവിസ്മരണീയമാണ്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.........**

(വോയ്സ്)

**********************

## വിനോദസഞ്ചാര കേന്ദ്രം-കണ്ണൂർ (ഇൻട്രോ)

ഉത്തരമലബാറിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സാധ്യതകൾ ആഗോള വിനോദസഞ്ചാരികൾക്ക് മുൻപിൽ അവതരിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്ന മൂന്നാമത്

നോർത്ത് മലബാർ ട്രാവൽ ബസാർ നാളെയും മറ്റന്നാളും കണ്ണൂരിൽ നടക്കും. പ്രശസ്ത ഗാനരചയിതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരി മേള ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ.**

(വോയ്സ്)

**********************

## ഇന്ത്യ- ദക്ഷിണാഫ്രിക്ക ടെസ്റ്റ്

കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്ക ഒന്നാം ഇന്നിംഗ്സിൽ 159 റൺസിന് പുറത്ത്. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ദക്ഷിണാഫ്രിക്കയ്ക്ക് ആദ്യദിനം തന്നെ മുഴുവൻ വിക്കറ്റുകളും നഷ്ടമാവുകയായിരുന്നു. ഇന്ത്യക്കായി ജസ്പ്രീത് ബുംറ 5 വിക്കറ്റ് വീഴ്ത്തി. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ, ഇന്ന് കളി അവസാനിക്കുമ്പോൾ ഒരു വിക്കറ്റിന് 37 റൺ എന്ന നിലയിലാണ്.

***********************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

**********************************************